MR. SPEAKER: The reference will be made in due time.

Demand XIV—28 Jails.

Home Minister (SHRI A. J. JOHN): Sir, I move for a supplementary grant of Rs. 65,000 under Demand XIV--28 Jails.

ബഡ്ജറ്റിൽ ജയിൽ ഡിപ്പാർട്ടുമെന്റിനുവേണ്ട 50,000 രൂപയാണ് കൊള്ളിച്ചു ചെന്നതു്. ഇപ്പോൾ കൂടുതൽ സബ് ജയിലുകൾ അനുവദിച്ചിട്ടുണ്ടു്. അതിനാൽ ഇപ്പോഴത്തെ ശമ്പളവും അലവൻസും കഴിച്ചു് ജയിപ്പുള്ളികളുടെ ചെലവുകൾക്കു വേണ്ടി പതിനായിരത്തി അഞ്ഞൂറോണ് 65,000 രൂപകൂടി കൂടുതലായി വേണമെന്നു് അപേക്ഷിക്കുന്നു. ഈ തുക സഭ അനുവദിക്കുമെന്നു അപേക്ഷിക്കുന്നു.

Chief Minister (SHRI PANAMPILLI GOVINDA MENON): I second it.

DR. A. R. MENON: Did you carry out all the recommendations contained in the Report of the Jail reforms Committee?

SRI A. J. JOHN: Some of the recommendations have been carried out.

DR. A. R. MENON: I wish to know the number of recommendations carried out and those that were not.

SHRI A. J. JOHN: Some of the recommendations have already been carried out. Others relate to sub-jails which have not yet been opened. They will be taken up as early as possible.

DR. A. R. MENON: In the report some privileges were conceded to the convicts. Will the Government be pleased to implement them?

SHRI A. J. JOHN: Government have already passed orders sanctioning them. I think they were placed before the Assembly last time.

The question that a supplementary sum not exceeding Rs. 65,000—be granted under Demand XIV- 28 Jails was put and carried.

The grant was made.

Demand XVII—37—Education.

Chief Minister (SHRI PANAMPILLI GOVINDA MENON): I move for a supplementary grant of Rs.1,40,500 under Demand XVII-37 Education.

Home Minister (SHRI A. J. JOHN): I second it.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വംഭരൻ : സർ, ഞാൻ ഈ സപ്ലിമെൻററി ഗ്രാന്റിനെ എതിർക്കുകയാണ്. ടെക്സ്റ്റ്ബുക്ക് ആഫീസറേയും അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെൻറിനേയും സംബന്ധിച്ച് വളരെ പരാതികൾ ഉണ്ടായിട്ടുണ്ട്. അങ്ങനെ ഉണ്ടായിട്ടുള്ള പരാതികളുടെ വെളിച്ചത്തിൽ അദ്ദേഹത്തേയും വേറൊരു ആഫീസറേയും പ്രൈമാഫേസി കേസുണ്ടെന്ന് മുഖ്യമന്ത്രി തന്നെ പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷനിൽ നിർത്തിയിരിക്കുകയായിരുന്നു. കുറച്ച് ദിവസങ്ങൾക്ക് മുൻപ് നിർദ്ദോഷികളാണെന്ന് കണ്ട് ഈ രണ്ട് ഉദ്യോഗസ്ഥന്മാരേയും തിരിച്ചെടുത്ത് ജോലിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ഇക്കഴിഞ്ഞ ഒരു ദിവസം അദ്ദേഹത്തിന്റെ സസ്പെൻഷന്റെ കാരണത്തെപ്പറ്റി ചോദിച്ചപ്പോൾ വകുപ്പ് മന്ത്രി പറഞ്ഞത് ടെക്സ്റ്റ്ബുക്ക് പബ്ലിഷ് ചെയ്യുന്നതിൽ വരുത്തിയ കാലതാമസം കൊണ്ടാണെന്നാണ് മറുപടി പറയുകയുണ്ടായി. സർ, യഥാർത്ഥത്തിൽ അദ്ദേഹം വളരെയധികം ക്രമക്കേടുകൾ, അതായത് അവിടത്തെ കണക്കുകളിലും പണമിടപാടുകളിലും വളരെ അധികം കുഴപ്പങ്ങൾ കാണിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. രണ്ട് കൊല്ലംമുമ്പ് ശ്രീ. എ. ജെ. ജാൻ മുഖ്യമന്ത്രിയായിരുന്നപ്പോഴും അദ്ദേഹത്തെപ്പറ്റി ആരോപണങ്ങളുണ്ടാവുകയും അന്നത്തെ വിദ്യാഭ്യാസ സെക്രട്ടറി അന്വേഷണം നടത്തി ഒരു റിപ്പോർട്ട് ഗവണ്മെൻറിന് സമർപ്പിക്കുകയും ചെയ്തതായിട്ടാണറിവ്. അതിനും യാതൊരു നടപടിയും എടുക്കാതിരുന്നിട്ടുള്ളതാണ്. ഈ ഉദ്യോഗസ്ഥൻ ഇക്കൊല്ലം താൽക്കാലിക നിയമനം നടത്തിയിട്ടുള്ള ഉദ്യോഗങ്ങളുടെ ഒരു പട്ടിക ആവശ്യപ്പെട്ടപ്പോൾ തരാൻ വിസമ്മതിക്കുകയാണ് ചെയ്തത്. താൽക്കാലികമായി നടത്തിയിട്ടുള്ള നിയമനങ്ങളിൽ വളരെ അധികം അസാന്മാർഗ്ഗികമായ നടപടികളും ടെക്സ്റ്റ്ബുക്ക് ആഫീസർ നടത്തിയിട്ടുണ്ടെന്ന് വളരെ പരസ്യമായി അറിയാൻ ഇടയായിട്ടുണ്ട്. അങ്ങനെ വളരെയധികം അഴിമതികളും കുഴപ്പങ്ങളും ചെയ്തുകൊണ്ടിരിക്കുന്ന ആഫീസറേയും, അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെൻറിനേയുംപറ്റി ഉണ്ടായിട്ടുള്ള ആരോപണങ്ങളെപ്പറ്റി സൂക്ഷ്മാന്വേഷണംചെയ്ത നടപടി എടുക്കേണ്ടതാണ്. സസ്പെൻഷനിൽ നിന്ന് വർത്തിയിട്ടുള്ള രണ്ട് ഓഫീസറന്മാരെ കുറ്റക്കാരല്ലെന്നുകണ്ട് ഗവണ്മെൻറ് തിരിയെ എടുത്തസ്ഥിതിക്ക് പിന്നെ ആരാണ് ടെക്സ്റ്റ്ബുക്ക് അച്ചടിക്കുന്നതിൽ കുറ്റക്കാരെന്ന് കണ്ടുപിടിക്കേണ്ട ചുമതലകൂടി ഗവണ്മെൻറിന് ഉണ്ടെന്നു ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിച്ചുകൊള്ളട്ടെ..

ശ്രീ. ടി. കെ. ദിവാകരൻ : ടെക്സ്റ്റ്ബുക്ക് അച്ചടിക്കുന്നതിനുണ്ടായ കാലതാമസത്തെ തുടർന്ന് രണ്ട് ഉദ്യോഗസ്ഥന്മാരെ സസ്പെൻഷനിൽ നിർത്തി അതിനെക്കുറിച്ച് അന്വേഷണം നടത്തി. ഇപ്പോൾ പ്രിൻറിംഗ് ചാർജ്ജസ് ഇനത്തിൽ ഒരു ലക്ഷം രൂപയ്ക്കുവേണ്ടിയുള്ള ധനാഭ്യർത്ഥന അവതരിപ്പിച്ചിട്ടുണ്ട്. ഈ അവസരത്തിൽ ടെക്സ്റ്റ്ബുക്കുകൾ അച്ചടിക്കുന്ന ഗവണ്മെൻറ് പ്രസ്സുകളിൽ വലുതായ കായ്ക്ഷമത ഇല്ലായ്മയുടെ കാരണംകൊണ്ടാണ് കാലതാമസം നേരിടുന്നതെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ വളരെക്കാലമായി തൊഴിലാളികളെക്കൊണ്ട് ഓവർ ടൈം ജോലി ചെയ്യിക്കുക എന്ന ഒരു പതിവുണ്ട്. തുടർച്ചയായി ഓവർ ടൈം, തൊഴിലാളികളെക്കൊണ്ട് ചെയ്യിച്ചാൽ അവരിൽനിന്നും കായ്ക്ഷമമായ ജോലി ഉണ്ടാവുകയില്ലെന്ന് തൊഴിൽക്കായ്ങ്ങളെ സംബന്ധിച്ച് അറിയാവുന്ന എല്ലാവരും സമ്മതിക്കുന്നതാണ്. ഓവർ ടൈം ജോലിചെയ്യിക്കാൻ പാടില്ലെന്നുള്ള ഫാക്ടറി ആക്ടിലെ വകുപ്പിന്റെ

[ശ്രീ. ടി. കെ. ദിവാകരൻ]

പരിധിയിൽ നിന്നും ഗവണ്മെൻറ് പ്രസ്സിലെ തൊഴിലാളികളെ ഒഴിവാക്കിയിരിക്കുകയാണു്. ഇങ്ങനെ ഓവർടൈംചെയ്യുന്ന തൊഴിലാളികൾക്ക് ന്യായമായ ഒരു അലവൻസു് കൊടുക്കാൻ ഇതുവരെ അധികാരികൾ ശ്രമിച്ചിട്ടില്ല. അവിടെ മൂന്നാലു് ഉദ്യോഗസ്ഥന്മാർ ഏതെങ്കിലും രണ്ടു് മൂന്നു് ആളുകളെക്കൊണ്ടു് ജോലിചെയ്യിച്ചു് ഓവർടൈം എഴുതിവാങ്ങിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഞാൻ പറയുന്നതു് ഗവണ്മെൻറ് പ്രസ്സിലെ ഓവർടൈം എടുത്തിട്ടു് രണ്ടു് ഷിഫ്റ്റായിട്ടു് ജോലിചെയ്യിച്ചാൽ കൂടുതൽ കായ്ക്ഷമമായി ജോലി നടത്തിക്കുവാൻ സാധിക്കുന്നതാണു്. അവിടെ തൊഴിലാളികളെ 3 മാസക്കാലത്തേയ്ക്കു നിയമിക്കുന്ന ഒരു പതിവുണ്ടു്. 91-ാമത്തെ ദിവസം അവരെ പിരിച്ചുവിടും. പിരിച്ചുവിടപ്പെട്ടതിനുശേഷം പത്തോ ഇരുപതോ രൂപയോകൊണ്ടു് ഉദ്യോഗസ്ഥന്മാരെ സമീപിക്കുമെങ്കിൽ പിന്നെയും മൂന്നുമാസത്തേയ്ക്കു് അവരെ നിയമിക്കും. ഇങ്ങനെ അവരെ ഒരു ദിവസത്തേയ്ക്കു് പിരിച്ചുവിട്ടു് വീണ്ടും നിയമിയ്ക്കുന്ന പതിവുണ്ടു്. അവർക്കു് ജോലിസ്ഥിരത നൽകുകയോ പബ്ലിക്ക് സർവ്വീസ്കമ്മീഷൻ മുഖാന്തിരം നിയമിക്കുകയോ ചെയ്യുകയാണെങ്കിൽ കൂടുതൽ കായ്ക്ഷമമായി ജോലി നടത്താവുന്നതാണു്. ടെക്സ്റ്റ്ബുക്കുകൾ അടിക്കുന്ന സ്ഥാപനമെന്ന നിലയിൽ ന്യായമായ ജോലി അവരിൽനിന്നും ഉണ്ടാകുന്നുണ്ടോയെന്നു നോക്കണം. എഡ്യുക്കേഷൻ ഡിപ്പാർട്ട്മെൻറിൻറെ ഗ്രാൻറ് ആയതുകൊണ്ടു്, പറയുകയാണു്. വരവിനം വർദ്ധിപ്പിക്കുന്നതിനു ഡിപ്പാർട്ടുമെൻറിൽനിന്നു് വേറൊരു അടവുകൂടി ഈയിടെ പ്രയോഗിക്കുന്നുണ്ടു്. പാവപ്പെട്ട അദ്ധ്യാപകന്മാർക്കിടയിൽനിന്നും റീഫണ്ടു് വാങ്ങിക്കുക എന്നുള്ളതാണു് ഈ പുതിയ സമ്പ്രദായം. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരായി 25 രൂപ ശമ്പളം വാങ്ങിക്കൊണ്ടിരുന്നവരെ 22-28 സ്കെയിലിൽ മിഡിൽസ്കൂൾ അദ്ധ്യാപകന്മാരായി നിയമിച്ചിരുന്നു. ഈ അവസരത്തിൽ അവർക്കു് 25 രൂപ കൊടുക്കാതെ 22 രൂപ മാത്രമേ കൊടുക്കുകയുള്ളൂ എന്ന വ്യാഖ്യാനത്തിൻറെ അടിസ്ഥാനത്തിൽ കഴിഞ്ഞ കൊല്ലങ്ങളിലെ ശമ്പളം പറഞ്ഞ ഇനത്തിൽനിന്നും 3,00,400 രൂപ റീഫണ്ടു് ചെയ്യുന്നതിനു ഡിപ്പാർട്ടുമെൻറിൽനിന്നും ഉത്തരവു് പുറപ്പെടുവിച്ചിട്ടുണ്ടു്. സപ്ലിമെൻററി ഗ്രാൻറ് വരുന്ന ഈ അവസരത്തിൽ ഡിപ്പാർട്ടുമെൻറ് മേലധ്യക്ഷൻറെ ഈ ശ്രമത്തിൽനിന്നു് അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടിയാണു് ഞാൻ ഇതിനെ എതിർക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രസ്സ് തൊഴിലാളികളുടെ വൈഷമ്യങ്ങളെ സംബന്ധിച്ചു് പരിശോധിക്കാം. രണ്ടു് ഉദ്യോഗസ്ഥന്മാരെ ടെക്സ്റ്റ്ബുക്ക് സംബന്ധിച്ചുള്ള പരാതിയെ തുടർന്നു് സസ്പെൻറ് ചെയ്തതു് ശരിയാണു്. അതു നെപ്പറ്റി ഉടനെതന്നെ അന്വേഷണം നടത്തിയതിൽ അതു് ഒരു Error of Judgment മൂലം വന്നിട്ടുള്ളതാണെന്നാണു് അറിഞ്ഞതു്. അല്ലാതെ അഴിമതി ആരോപിക്കുവാൻ നിവൃത്തിയില്ലെന്നു് റിപ്പോർട്ടു വന്നിട്ടുണ്ടു്. ഇതാണു് ശ്രീ. വിശ്വംഭരൻറെ ആരോപണങ്ങൾക്കുള്ള മറുപടി. ഇനി അനുവദിച്ചുതരണം.

ശ്രീ. എ. താണുപിള്ള : Error of Judgment എന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു് നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : സർ, രണ്ടുപേരെ ഇതു സംബന്ധിച്ചു് സസ്പെൻറ ചെയ്തിട്ടുണ്ടു്. അപ്പോൾതന്നെ അതുകൊടുക്കു് ഇതിനെക്കുറിച്ചു് ഒരു സംശയമുണ്ടായിരുന്നു ഇതു് ഒരു ധാരണപരത്താൻവേണ്ടി ചെയ്യുന്നതാണു്. കുറെ കഴിഞ്ഞപ്പോൾ അവർ രണ്ടുപേരേയും തിരിച്ചു് ജോലിയിൽ പ്രവേശിപ്പിച്ചു. പുസ്തകം താമസിച്ചു് വിതരണംചെയ്യുക എന്നുള്ളതു പരമാർത്ഥമാണു്. അതുവച്ചുകൊണ്ടു് ഗവണ്മെൻറപ്രസ്സു് സൂപ്രണ്ടിനേയും, ടെക്സ്റ്റ്ബുക്കുആഫീസറേയും സസ്പെൻഷനിൽനിർത്തി. അതിനുള്ള കുറ്റം അവരുടെ പേരിൽ ഉണ്ടോ എന്നും മറ്റും അന്വേഷിക്കുന്നതിനുള്ള ചുമതല ഗവണ്മെൻറിനുണ്ടു്. അതൊന്നും ചെയ്യാതെ പെട്ടെന്നു ഇങ്ങനെ സസ്പെൻറ ചെയ്തതു് ജനങ്ങളുടെ ഇടയിൽ, ഗവണ്മെൻറു് ശരിയായി പ്രവർത്തിക്കയാണു് എന്നുള്ള ധാരണ പരത്താൻവേണ്ടി ചെയ്തതാണെന്നു് വിവരമുള്ളവർക്കെല്ലാം അറിയാമായിരുന്നു. പിന്നീടു് കുറെ കഴിഞ്ഞു് അവരെ തിരിച്ചെടുത്തു. അവർ വീട്ടിൽ ഇരുന്ന ദിവസത്തേയ്ക്കുകൂടി ശമ്പളം കൊടുത്തിട്ടു് അതു Error of Judgment ആണെന്നും അതു എന്താണെന്നു പറയുവാൻ നോട്ടീസു വേണമെന്നും പറയുന്നു. ഗവണ്മെൻറിനു് പ്രതികൂലമായ ഒരു ധാരണ പരത്തുവാൻവേണ്ടി ഇങ്ങനെ ഒന്നും ചെയ്തതു്. അന്നത്തേതിൽ കൂടുതൽ എന്തെല്ലാം സംഗതികളാണു് ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ വന്നതു് അതു വ്യക്തമാക്കണം. പുസ്തകം വിതരണം ചെയ്യാൻ താമസിച്ചു എന്നുള്ളതു് പരമാർത്ഥമാണു്. ഒന്നുകിൽ പ്രസ്സു് സൂപ്രണ്ടിന്റെ അല്ലെങ്കിൽ ടെക്സ്റ്റ്ബുക്കു ആഫീസറുടെ അതുമല്ലെങ്കിൽ ഇതു രണ്ടുപേരുടേയും കുറ്റമാണു്. അതുകൊണ്ടു് അതിനെപ്പറ്റി കൂടുതലായി എന്തെങ്കിലും വിവരമുണ്ടെങ്കിൽ അതു് ഈ സഭയെ ധരിപ്പിക്കേണ്ടതു് അത്യാവശ്യമാണു്. രക്ഷിക്കാൻ അർഹരല്ലാത്തവരെ ശിക്ഷിയ്ക്കരുതു്. അർഹരായവരെ ശിക്ഷിക്കാൻ മടിക്കുകയും അരുതു്. ഇങ്ങനെയെല്ലാം ചെയ്യുന്നതു് സർവ്വീസുള്ളവർക്കു് അഭിപ്രായ്ക്കു് ഇട നൽകുന്നതാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ നോട്ടീസു് വേണമെന്നു് പറഞ്ഞതു്, ഈ ചോദ്യം ഇപ്പോൾ ഉണ്ടാകുമെന്നു് വിചാരിച്ചില്ല. ഈ ഉദ്യോഗസ്ഥന്മാരെ സസ്പെൻറ ചെയ്യുന്നതു് അന്വേഷണത്തിനു വധേയമായിട്ടാണു്. ബഹുമാനപ്പെട്ട ശ്രീ. താണുപിള്ള പറഞ്ഞ അഭിപ്രായങ്ങളും അടുടി സ്വീകരിച്ചിരിക്കുന്നു. കുറ്റം ചെയ്തവരെ ശിക്ഷിക്കരുതു്, കുറ്റം ചെയ്യുവരെ ശിക്ഷിക്കണം ഇവയൊക്കെ ഞാൻ സ്വീകരിക്കുന്നു.

ശ്രീ പി. നാരായണൻപോറ്റി : സർ, ഇതിൽ ടെക്സ്റ്റ്ബുക്കു് കമ്മിറ്റിയുടെ ടി. എ-യ്ക്കു് എന്തു ഒരു ഐറ്റം കാണുന്നു. ഇപ്പോൾ അങ്ങനെ ഒരു കമ്മിറ്റി നിലവിലും ഇല്ല. പിന്നെ ഇതു് എതു ഇനത്തിലാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതു് ആ ഇനത്തിലുള്ള സംഖ്യയല്ല, ആ ഹെഡ്ഡിൽ ഈ ഇനവും ഉൾപ്പെടും. എന്നല്ലാതെ അതിനു കുറ്റം ചേർത്തിട്ടില്ല.

The question that a supplementary sum not exceeding Rs. 1,40,500 be granted under Demand XVII—37—Education, was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly

[1 P. M.]

MR. SPEAKER: It is now one o' clock. I shall now put the rest of the demands to vote one by one.

SHRI A. THANU PILLAI: I raise a point of order. May I bring to your notice that you did not announce at the beginning of the discussion that the discussion will terminate at the end of the day? No time was fixed for the discussion. Normally, we thought that we would have time enough to discuss every item. So, I think that the only thing that you can now do is to allot some more time tomorrow, and say that at the end of two hours you will apply the guillotine.

ശ്രീ. ടി. കെ. ദിവാ രൻ: സർ, സപ്ല മെൻററി ഗ്രാൻറ് അവതരിപ്പിച്ച അവസരത്തിൽ ഈ ഡിമാൻഡുകൾ എല്ലാം ഇന്ന് അവസാനിക്കുമെന്ന് ചെയറിൽനിന്നും നിർദ്ദേശിക്കുകയുണ്ടായില്ല. അതിനെക്കുറിച്ച് ഏതാണ്ട് അംഗങ്ങൾ സംസാരിച്ച് കഴിഞ്ഞതിനശേഷം ഇന്നാണ് ഈ വിവരം പ്രഖ്യാപിച്ചത്. അപ്പോൾത്തന്നെ ചെയറിലിരുന്ന ഡെപ്യൂട്ടി സ്പീക്കറോട് വിവരം ബോധിപ്പിച്ച അവസരത്തിൽ അതിനെക്കുറിച്ച് പുനരാലോചിക്കാമെന്ന പറഞ്ഞു. മെഡിക്കൽ, ലേബർ മുതലായ വളരെ ഐറ്റംസ് ഇനിയും ബാക്കിയുണ്ട്. അതുംകൂടി ചർച്ചയ്ക്ക് അനുവദിക്കണമെന്നാണ് എൻെറ അപേക്ഷ.

SHRI PANAMPILLI GOVINDA MENON: As suggested by Shri Thanu Pillai, if you are so inclined, one hour may be allotted for supplementary grants tomorrow. It may be taken up at 12 o' clock.

MR. SPEAKER: We will take up supplementary demands at 12 o' clock tomorrow and at one o' clock the guillotine will be applied.

LEGISLATIVE BUSINESS

Presentation of the Report of the Select Committee on the Irrigation Bill.

Minister for Works (SHRI K. I. VELAYUDHAN): I beg leave to present the report of the Select Committee to which the Travancore-Cochin Irrigation Bill and the Travancore-Cochin Irrigation (Levy of Betterment Contribution and Water Cess) Bill were recommitted for combining the provisions thereof.

MR. SPEAKER: Order, order. We will now adjourn and meet again at 8 A. M. tomorrow.

The Assembly adjourned at 1 P. M. to meet again on Tuesday, the 11th October, 1955.

LIBRARY ARCHIVES Kerala Legislative Assembly